പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6148 10.7.2012-ൽ മറുപടിയ്ക്ക്

ഒരു വീട്ടിൽ ഒരു പച്ചക്കറിത്തോട്ടം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ഒരു സെന്റ് ഭൂമിയെങ്കിലും ഉണ്ടെങ്കിൽ ഒരു പച്ചക്കറിത്തോട്ടം നിർബന്ധമാക്കാൻ പദ്ധതി തയ്യാറാക്കുമോ; | (എ) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2012-13-ലെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ ഘടകങ്ങളിൽ കൂടി സ്ഥല സൗകര്യം പരിമിതമായ സാഹചര്യത്തിലും പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്.<br>നഗരവാസികളിൽ പച്ചക്കറി കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുന്നതിനും, വീടുകളിലെ ജൈവമാലിന്യങ്ങൾ വീടുകളിൽതന്നെ സംസ്കരിച്ച് ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി ഹരിതനഗരി എന്ന പദ്ധതി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കി വരുന്നു. |
| (ബി) ഒരു വീട്ടിൽ ഒരു പച്ചക്കറിത്തോട്ടം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) 2011-12 - ലെ വിവിധ പച്ചക്കറി വികസന പദ്ധതി മുഖേന പച്ചക്കറി വിത്തുകൾ ഗൃഹപരിസര കൃഷിക്ക് സൗജന്യമായി നൽകിയിട്ടുണ്ട്. മട്ടുപ്പാവ് കൃഷിക്കായി പ്രത്യേക പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |

(സി) പച്ചക്കറി വിത്തുകൾ എല്ലാ വീടുകളിലും എത്തിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) 2011-12-ൽ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് 10 രൂപ വിലയുള്ള 25 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സൗജന്യമായി നൽകിയിട്ടുണ്ട്. ഭക്ഷ്യ സുരക്ഷ പദ്ധതിയുടെ ഭാഗമായി ഗൃഹ പരിസര കൃഷിക്ക് വിത്തിന് പുറമെ ജൈവ വളം , പണി ആയുധം എന്നിവ ഉൾപ്പെടുന്ന 200 രൂപ വിലയുള്ള 75000 കിറ്റുകളും , സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 10 രൂപ വിലയുള്ള 2 ലക്ഷം വിത്ത് കിറ്റുകളും നൽകിയിട്ടുണ്ട്. കൂടാതെ വിവിധ ആനുകാലിക പ്രസിദ്ധീകരണങ്ങളിലൂടെ 6 ലക്ഷം പച്ചക്കറി വിത്തു പാക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) വിത്തിനൊപ്പം കൂടുതൽ ജൈവവളങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ?

(ഡി) 2012-13-ലെ പച്ചക്കറി വികസന പദ്ധതിയിൽ മുൻസിപ്പാലിറ്റികളിലും തൃശ്ശൂർ, കൊല്ലം, കോർപ്പറേഷനുകളിലും നൽകുന്ന ഗ്രോബാഗ് യൂണിറ്റുകളിൽ ജൈവവള മടങ്ങിയ പോട്ടിംഗ് മിശ്രിതത്തിലാണ് പച്ചക്കറി തൈകൾ നട്ട് നൽകുന്നത്. കൂടാതെ ജില്ലാ ക്ലസ്റ്റർ വികസനത്തിന്റെ ഭാഗമായി നിലവിലുള്ള ക്ലസ്റ്ററുകൾക്ക് ഹെക്ടറിന് 15,000/- രൂപ നിരക്കിലും പുതിയ ക്ലസ്റ്ററുകൾക്ക് 22,500/- രൂപ നിരക്കിലും നൽകുന്ന സഹായധനം വിത്ത്, ജൈവവളം മറ്റ് ഉത്പാദനോപാധികൾ എന്നിവയ്ക്കുള്ളതാണ്.

**സെക്ഷൻ ഓഫീസർ**